1. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്നറിയപ്പെട്ട സ്ഥലം.
A) ബീഹാർ
B) ലഖ്നൗ
C) ബംഗാൾ
D) ഡൽഹി

2. 'ഹിതകാരിണി സമാജം' സ്ഥാപിച്ചത് ഇവരിൽ ആരാണ് ?
A) ഇ. വി. രാമസ്വാമി നായ്ക്കർ
B) വീരേശലിംഗം
C) ആത്മാറാം പാണ്ഡുരംഗ്
D) സ്വാമി ദയാനന്ദ സരസ്വതി

3. 1857-ലെ കലാപവുമായി ബന്ധപ്പെട്ട് ഇതിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് ഏത് ?
A) കാൺപൂർ-നാനാസാഹേബ്
B) ഝാൻസി-റാണി-ലക്ഷ്മി ഭായി
C) ലഖ്നൗ-മൗലവി അഹമ്മദുള്ള
D) ഡൽഹി-ബഹദൂർഷാ രണ്ടാമൻ

4. ചരിത്ര പ്രസിദ്ധമായ ലാഹോർ സമ്മേളനം നടന്ന വർഷം.
A) 1928
B) 1929
C) 1930
D) 1927

5. ഇന്ത്യയിലെ ആദ്യ വനിതാ സർവ്വകലാശാല സ്ഥാപിച്ചത് ആര് ?
A) എം. എ. അൻസാരി
B) ഡി. കെ. കാർവെ
C) സയ്യിദ് അഹമ്മദ്ഖാൻ
D) ജി. ജി. അഗാർക്കർ

6. പോണ്ടിച്ചേരി ഇന്ത്യൻ യൂണിയനിലേക്ക് ചേർക്കപ്പെട്ട വർഷം.
A) 1955
B) 1961
C) 1950
D) 1954

7. ഇന്ത്യ സാമ്പത്തികാസൂത്രണം എന്ന ആശയം കടം കൊണ്ടത് ഏത് രാജ്യത്ത് നിന്നാണ് ?
A) ജപ്പാൻ
B) ബ്രിട്ടൺ
C) അമേരിക്ക
D) സോവിയറ്റ് യൂണിയൻ

8. 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' പദ്ധതി ഇവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് ?
A) ഡോ. രാധാകൃഷ്ണൻ കമ്മീഷൻ
B) മുതലിയാർ കമ്മീഷൻ
C) കോത്താരി കമ്മീഷൻ
D) ദേശീയ വിദ്യാഭ്യാസ നയം

9. നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ ആസ്ഥാനം.
A) പൂന
B) ന്യൂഡൽഹി
C) മുംബൈ
D) ഹൈദരാബാദ്

10. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന നിലവിൽ വന്ന വർഷം.
A) 1962
B) 1969
C) 1968
D) 1970

11. 1897-ൽ അമരാവതിയിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ധ്യക്ഷ പദവി വഹിച്ച മലയാളി.
A) ജി. പി. പിള്ള
B) കെ. പി. കേശവ മേനോൻ
C) സി. ശങ്കരൻ നായർ
D) കെ. കേളപ്പൻ

12. കൊച്ചിയിൽ ഇലക്ട്രിസിറ്റി സമരം നടന്ന വർഷം.
A) 1935
B) 1936
C) 1938
D) 1932

13. 'പൂക്കോട്ടൂർ സംഭവം' ഇവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് ?
A) കയ്യൂർ കലാപം
B) കുറിച്ച്യ കലാപം
C) മലബാർ കലാപം
D) പുന്നപ്ര-വയലാർ സമരം

14. സമത്വസമാജം സ്ഥാപിച്ചതാര് ?
A) ചട്ടമ്പിസ്വാമികൾ
B) അയ്യങ്കാളി
C) സഹോദരൻ അയ്യപ്പൻ
D) വൈകുണ്ഠ സ്വാമികൾ

15. കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ 1921-ൽ നടന്ന ആദ്യത്തെ കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം വിളിച്ചു കൂട്ടിയത് ഇവയിൽ എവിടെയാണ് ?
A) പയ്യന്നൂർ
B) ഒറ്റപ്പാലം
C) തൃശ്ശൂർ
D) ആലുവ

16. ഇന്ത്യയിലെ ഭരണഘടനാസഭയുടെ ചെയർമാൻ ആരായിരുന്നു ?
A) ഡോ. ബി. ആർ. അംബേദ്കർ
B) നെഹ്റു
C) ഡോ. രാജേന്ദ്രപ്രസാദ്
D) മഹാത്മാഗാന്ധി

17. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിന് പറയുന്ന പേര് എന്താണ് ?
A) ചാർട്ടർ
B) പ്രിയാമ്പിൾ
C) പാർലമെന്റ്
D) നിയമസമതി

18. ഏത് ഭരണഘടനാഭേദഗതിയാണ് സ്വത്തവകാശം എടുത്ത് കളഞ്ഞത് ?
A) 44
B) 25
C) 32
D) 40

19. ഇന്ത്യയിലെ പാർലമെന്ററി ജനാധിപത്യത്തിൽ ഗവൺമെന്റിന്റെ തലവൻ ആരാണ് ?
A) പ്രസിഡന്റ്
B) മന്ത്രിമാർ
C) ഗവർണർ
D) പ്രധാനമന്ത്രി

20. നമ്മുടെ ഭരണഘടനയിൽ മൗലിക കടമകളെപ്പറ്റി പറയുന്നു. ഇപ്പോൾ നമ്മുക്ക് എത്ര മൗലിക കടമകൾ ഉണ്ട് ?
A) 7
B) 10
C) 11
D) 18

21. ഇന്ത്യയുടെ മിസൈൽ മനുഷ്യൻ എന്നറിയപ്പെടുന്നത് ആരാണ് ?
A) കെ. രാധാകൃഷ്ണൻ
B) തമ്പി നാരായണൻ
C) ഡോ. എ. പി. ജെ. അബ്ദുൽ കലാം
D) വിക്രം സാരാഭായ്

22. ഇന്ത്യയിൽ ബാങ്കേഴ്സ് ബാങ്ക് എന്ന പേരിൽ അറിയപ്പെടുന്നത് താഴെ പറയുന്ന ഏത് സ്ഥാപനം ആണ് ?
A) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
B) കാനറബാങ്ക്
C) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
D) നീതി ആയോഗ്

23. ഇന്ത്യയിൽ പ്രസിഡന്റ് രാജിവെക്കുകയോ, മരിക്കുകയോ, പാർലമെന്റ് പുറത്താക്കുകയോ ചെയ്താൽ അദ്ദേഹത്തിന്റെ ചുമതലകൾ വഹിക്കുന്നത് ആരാണ് ?
A) തിരഞ്ഞെടുപ്പ് കമ്മീഷണർ
B) പ്രധാനമന്ത്രി
C) സുപ്രീംകോടതി ജഡ്ജി
D) ഉപരാഷ്ട്രപതി

24. ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഉൾപ്പെടുത്തിയ ഗാന്ധിജിയുടെ ആശയം താഴെപറയുന്നവയിൽ ഏതാണ് ?
A) തുല്യവേതനം
B) ഏകീകൃത സിവിൽ കോഡ്
C) ഗ്രാമപഞ്ചായത്ത് രൂപീകരണം
D) ചൂഷണം തടയുക

25. ലോകത്ത് ജനാധിപത്യത്തിലൂടെ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ എവിടെയായിരുന്നു ?
A) റഷ്യ
B) അമേരിക്ക
C) കേരളം
D) പശ്ചിമബംഗാൾ

26. ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരി ഏത് ?
i) മഞ്ഞ് മൂടിയ ഹിമാലയൻ പർവ്വതനിരകൾക്ക് തൊട്ട് തെക്കു ഭാഗത്തെ പ്രദേശങ്ങളിൽ തണുപ്പിന്റെ കാഠിന്യം കുറവാണ്.
ii) പ്രകൃതി രമണീയമായ ഹിമാലയൻ പർവ്വതനിരകൾക്ക് തെക്ക് ഭാഗത്തായി നിരവധി സുഖവാസ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു.
A) (i) & (ii) ശരിയാണ്
B) (i) ശരി, (ii) തെറ്റ്
C) (i) തെറ്റ്, (ii) ശരി
D) (i) & (ii) തെറ്റാണ്

27. ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയതും, ഉറപ്പേറിയ ശിലകളാൽ നിർമ്മിതവുമായ ഭൂപ്രകൃതി വിഭാഗം.
A) ഇന്ത്യൻ മരുഭൂമി
B) തീരസമതലങ്ങൾ
C) ഉത്തരമഹാസമതലം
D) ഉപദ്വീപീയ പീഠഭൂമി

28. നേപ്പാളുമായി ഏറ്റവും കുറഞ്ഞ അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനം ഏത് ?
A) ഉത്തർപ്രദേശ്
B) സിക്കിം
C) ബീഹാർ
D) ഉത്തരാഖണ്ഡ്

29. ഇന്ത്യൻ മൺസൂണിന്റെ പിൻവാങ്ങൽ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനം.
A) ഗോവ
B) മഹാരാഷ്ട്ര
C) തമിഴ്നാട്
D) കർണാടക

30. ഏത് നദിയുടെ പോഷക നദിയാണ് ഇന്ദ്രാവതി ?
A) മഹാനദി
B) ഗോദാവരി
C) കാവേരി
D) നർമ്മദ

31. 2011 മാർച്ച് 1-ാം തീയതി വന്യജീവിസങ്കേതമായി പ്രഖ്യാപിച്ച കേരളത്തിലെ ഒരു വന്യജീവി സങ്കേതം ഏത് ?
A) ആറളം വന്യജീവി സങ്കേതം
B) കൊട്ടിയൂർ വന്യജീവി സങ്കേതം
C) നെയ്യാർ വന്യജീവി സങ്കേതം
D) മലബാർ വന്യജീവി സങ്കേതം

32. ആനമുടി ചോല ദേശീയോദ്യാനം സ്ഥിതി ചെയ്യുന്ന താലൂക്ക് ഏത് ?
A) ദേവികുളം
B) പീരുമേട്
C) തലശ്ശേരി
D) ഉടുമ്പൻചോല

33. കേരളത്തിൽ ഏറ്റവും വ്യാപകമായി കാണുന്ന മണ്ണിനം.
A) ചെമ്മണ്ണ്
B) കറുത്തമണ്ണ്
C) ചെങ്കൽ മണ്ണ്
D) വനമണ്ണ്

34. കേരളം, സംസ്ഥാന കായികദിനമായി ആചരിക്കുന്നതെന്ന് ?
A) സെപ്റ്റംബർ 13 B) ആഗസ്റ്റ് 29 C) ഒക്ടോബർ 13 D) ജൂൺ 23

35. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ലക്ഷ്യമിടുന്ന കേരള സർക്കാർ ആവിഷ്കരിച്ച പുനർഗേഹം പദ്ധതി ആരംഭിച്ച വർഷം.
A) 2020 B) 2021 C) 2018 D) 2019

36. സംസ്ഥാന തദ്ദേശ സ്വയംഭരണ അനുബന്ധ സ്ഥാപനങ്ങൾ, പദ്ധതികൾ ഇവയിൽ ഉൾപ്പെടാത്തത് ഏത് ?
A) കൈറ്റ്
B) ശുചിത്വമിഷൻ
C) കില
D) കുടുംബശ്രീ

37. കേരള വനഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നതെവിടെ ?
A) പാമ്പാടി
B) പീച്ചി
C) പാലോട്
D) കുന്നമംഗലം

38. ചാലിയാർ നദിയുടെ ഉത്ഭവസ്ഥാനമേത് ?
A) നീലഗിരിയിലെ ഇളമ്പലാരി കുന്നുകൾ
B) പശ്ചിമഘട്ടത്തിലെ ആനമലകുന്നുകൾ
C) കർണാടകത്തിലെ ബ്രഹ്മഗിരി വനമേഖല
D) പശ്ചിമഘട്ടത്തിലെ ശിവഗിരികുന്നുകൾ

39. കേരളത്തിലെ മൂന്നാമത്തെ വലിയ ജലവൈദ്യുത പദ്ധതി.
A) ശബരിഗിരി ജലവൈദ്യുത പദ്ധതി
B) ഇടുക്കി ജലവൈദ്യുത പദ്ധതി
C) പള്ളിവാസൽ ജലവൈദ്യുത പദ്ധതി
D) കുറ്റ്യാടി ജലവൈദ്യുത പദ്ധതി

40. ചേറ്റുവ കായൽ സ്ഥിതി ചെയ്യുന്ന ജില്ലയേത് ?
A) കോഴിക്കോട്
B) തിരുവനന്തപുരം
C) തൃശ്ശൂർ
D) കണ്ണൂർ

41. കേരളസംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കായി ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പദ്ധതി ഏത് ?
A) മെഡിസെപ്പ്
B) മെഡിക്ലെയിം
C) മെഡികെയർ
D) മെഡിഹെൽപ്പ്

42. താഴെ പറയുന്നവയിൽ വാക്സിൻ അല്ലാത്തത് ഏത് ?
A) OPU
B) BCG
C) BCR
D) പെന്റാവാലന്റ്

43. മസ്തിഷ്ക മരണത്തോടെ അവയവദാനം നടത്തുന്ന സംസ്ഥാന സർക്കാർ ആരോഗ്യപദ്ധതി ഏത് ?
A) അമൃതം ആരോഗ്യം
B) സുകൃതം
C) മൃതസഞ്ജീവനി
D) സാന്ത്വനം

44. താഴെ പറയുന്നവയിൽ വൈറസുമായി ബന്ധമില്ലാത്ത പ്രത്യേകത ഏത് ?
A) കോശത്തിന് വെളിയിൽ നിർജ്ജീവം
B) ആതിഥേയ കോശത്തിലെ വിഭവങ്ങൾ ഉപയോഗിച്ച് പെരുകുന്നു
C) ഡി. എൻ. എ. യും പ്രോട്ടീൻ കവചവുമുണ്ട്
D) മനുഷ്യരിൽ മാത്രം രോഗമുണ്ടാക്കുന്നു

45. അടുത്തിടെ ചൈനയിൽ ജീൻ എഡിറ്റിംഗിലൂടെ ജനിച്ച ഇരട്ടക്കുട്ടികൾക്ക് ______ രോഗത്തെ പ്രതിരോധിക്കാൻ കഴിവുള്ളതായി പ്രഖ്യാപിക്കപ്പെട്ടു.
A) എയിഡ്സ് B) കോവിഡ് C) ക്യാൻസർ D) ക്ഷയം

46. രോഗാണുക്കളെ വിഴുങ്ങി, നശിപ്പിച്ച് ശരീരത്തിന്റെ രോഗ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്ന കോശങ്ങൾ ഏവ ?
A) ന്യൂട്രോഫിൽ & ഇസ്നോഫിൽ
B) ന്യൂട്രോഫിൽ & മോണോസൈറ്റ്
C) ന്യൂട്രോഫിൽ & ബേസോഫിൽ
D) ന്യൂട്രോഫിൽ & ലിംഫോസൈറ്റ്

47. താഴെ പറയുന്ന രോഗങ്ങളും രോഗകാരികളിലും നിന്ന് ശരിയല്ലാത്ത ഗ്രൂപ്പ് തെരഞ്ഞെടുക്കുക.
A) വട്ടച്ചൊറി, അത്‌ലറ്റ് ഫൂട് – ഫംഗസ്
B) നിപ, എലിപ്പനി – വൈറസ്
C) ക്ഷയം, ഡിഫ്തീരിയ – ബാക്ടീരിയ
D) മലേറിയ, ക്ലാമിഡിയാസിസ് – പ്രോട്ടോസോവ

48. വിത്തുകോശങ്ങൾ (Stem Cells) എന്നാൽ
i) രക്താർബുദമുള്ളവരിൽ കാണുന്നവ.
ii) സ്ത്രീകളിൽ മാത്രം കാണുന്നവ.
iii) ശരീരത്തിലെ ഏതു കോശമായും മാറാൻ കഴിവുള്ളവ.
iv) സസ്യങ്ങളുടെ വിത്തുകളിൽ കാണപ്പെടുന്നു.
A) i & ii B) ii & iv C) iii D) എല്ലാം ശരി

49. താഴെ പറയുന്നവയിൽ നിന്നും ശരിയായവ തെരഞ്ഞെടുക്കുക.
i) ചില പ്രോട്ടീനുകളാണ് ആന്റിബോഡികൾ.
ii) ആന്റിബോഡികളെ ഇമ്മ്യൂണോ ഗ്ലോബുലിനുകൾ എന്ന് വിളിക്കുന്നു.
iii) വാക്സിനുകൾക്കെതിരെ ശരീരം ആന്റിബോഡികൾ നിർമ്മിച്ച് പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു.
iv) ചില സൂക്ഷ്മ ജീവികളിൽ നിന്നും വേർതിരിച്ചെടുക്കുന്ന ഔഷധങ്ങളാണ് ആന്റിബോഡികൾ.
A) ii & iii B) i, ii & iii C) എല്ലാം ശരി D) i & iv

50. ഒരു ജീവിതശൈലീരോഗമാണ് പക്ഷാഘാതം. ഇതുണ്ടാവാനുള്ള പ്രധാനകാരണം എന്ത് ?
i) കരളിൽ കൊഴുപ്പ് അടിയുന്നത്
ii) ഹൃദയാഘാതം
iii) മസ്തിഷ്കത്തിലേയ്ക്ക് രക്തപ്രവാഹം തടസ്സപ്പെടുന്നത്
iv) അൽഷിമേഴ്സ്രോഗം മൂർച്ഛിക്കുന്നതുകൊണ്ട്
A) i & ii B) ii & iv C) iv D) iii

51. ________ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്, വളരെ കുറഞ്ഞ നേരത്തേക്ക് സ്വന്തമായോ അല്ലെങ്കിൽ യാത്രക്കാരെ കയറ്റാനോ ഇറക്കാനോ സാധനങ്ങൾ പെട്ടെന്ന് കയറ്റാനോ ഇറക്കാനോ വാഹനം നിർത്തുന്നു എന്നതാണ്.
A) പാർക്കിംഗ് (Parking)
B) സ്റ്റോപ്പിംഗ് (Stopping)
C) താൽക്കാലിക പാർക്കിംഗ് (Temporary Parking)
D) താൽക്കാലിക സ്റ്റോപ്പിംഗ് (Temporary Stopping)

52. ഒരു മോട്ടോർ വാഹനം ________ ലൂടെ ആയിരിക്കണം ഓടിക്കേണ്ടത്.
A) ക്യാരിയേജ് വേ (Carriage Way)
B) റോഡ് മാർജിൻ (Road Margin)
C) റോഡ് ഷോൾഡർ (Road Shoulder)
D) ട്രാഫിക് ഐലൻഡ്

53. ഒരു പോലീസ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ വാഹനം പിടിച്ചെടുക്കുകയും തടങ്കലിൽ വയ്ക്കുകയും ചെയ്യാവുന്ന കുറ്റം.
A) ലൈസൻസ് ഇല്ലാതെയോ, പ്രായപൂർത്തി ആകാതെയോ വാഹനം ഓടിച്ചാൽ
B) വാഹനം രജിസ്റ്റർ ചെയ്യാതെ ഉപയോഗിച്ചാൽ
C) പെർമിറ്റ് ഇല്ലാതെ വാഹനം ഉപയോഗിച്ചാൽ
D) മുകളിൽ പറഞ്ഞ എല്ലാം കുറ്റങ്ങളും

54. ഈ കുറ്റം ചെയ്താൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ള ഒരു വ്യക്തിയുടെ ഡ്രൈവിംഗ് ലൈസൻസിന് അയോഗ്യത കല്പിക്കാവുന്നതാണ്.
A) യാത്രക്കാർക്ക് നേരെയുള്ള ആക്രമണം
B) ചരക്ക് വണ്ടികളിൽ അമിതഭാരം കയറ്റുന്നത്
C) അധികാരമുള്ള ഏതെങ്കിലും വ്യക്തി സിഗ്നൽ നൽകിയിട്ട് വാഹനം നിർത്താതിരുന്നാൽ
D) മുകളിൽ പറഞ്ഞ എല്ലാ കുറ്റങ്ങളും

55. ചുവന്ന ബോർഡറിനൊപ്പം വൃത്താകൃതിയിൽ കാണപ്പെടുന്ന റോഡ് അടയാളങ്ങൾക്ക് പറയപ്പെടുന്ന പേര് ?
   A) മുന്നറിയിപ്പ് ചിഹ്നങ്ങൾ (Cautionary signs)
   B) വിവരദായകമായ ചിഹ്നങ്ങൾ (Informatory signs)
   C) നിർബന്ധിത ചിഹ്നങ്ങൾ (Mandatory signs)
   D) സൗകര്യങ്ങളെ സംബന്ധിച്ചുള്ള ചിഹ്നങ്ങൾ

56. താഴെ കാണുന്ന ചിഹ്നം എന്തിനെ സൂചിപ്പിക്കുന്നു ?



   A) സ്ലിപ്പറി റോഡ് (Slippery Road)
   B) ഇളക്കമുള്ള മണ്ണ് (Loose Gravel)
   C) ക്രോസ് റോഡ് (Cross Road)
   D) വീഴുന്ന പാറകൾ (Falling Rocks)

57. _________ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ക്യാരേജ് വേയിൽ വാഹന ഗതാഗതത്തിന് സമാന്തരമായി സജ്ജീകരിച്ചിരിക്കുന്ന റോഡ് അടയാളങ്ങൾ എന്നതാണ്.
   A) ലോഞ്ചിറ്റ്യൂടിനൽ മാർക്കിംഗ് (Longitudinal Marking)
   B) ട്രാവേഴ്സ്ഡ് മാർക്കിംഗ് (Traversed Marking)
   C) പെഡസ്ട്രിയൻ ക്രോസ്സിംഗ് മാർക്കിംഗ് (Pedestrian Crossing Marking)
   D) സ്റ്റോപ്പ് ലൈൻ മാർക്കിംഗ് (Stop line Marking)

58. ഒരു വാഹനം ഇടത് വശത്തുകൂടെ മറികടക്കപ്പെട്ടാവുന്ന സാഹചര്യം
   A) മൾട്ടി ലെയിനിലൂടെ ഓടിച്ച് പോകുമ്പോൾ
   B) മറികടക്കപ്പെടേണ്ട വാഹനം, റോഡിന്റെ മധ്യ ഭാഗത്ത് നിന്ന് വലത്തോട്ട് തിരിയുകയാണെങ്കിൽ
   C) മുന്നിലെ വാഹനം നിറുത്തിയിരിക്കുകയും ഇടതുവശത്തുകൂടി കടക്കുന്നത് സുരക്ഷിതവും ആണെങ്കിൽ
   D) മുകളിൽ പറഞ്ഞ എല്ലാ സാഹചര്യങ്ങളിലും

59. ഒരു വാഹനം മറ്റൊരു വാഹനത്തെ മറികടക്കാൻ പാടില്ലാത്ത സാഹചര്യം
   A) പാലത്തിൽ
   B) മൾട്ടി ലൈനിൽ
   C) മുന്നിലെ റോഡു കാണാത്ത വളവിൽ
   D) മുകളിൽ പറഞ്ഞ എല്ലാ സാഹചര്യങ്ങളിലും

60. ഒരേ ഗണത്തിൽ പെട്ട രണ്ട് റോഡുകൾ ചേരുന്ന ജംഗ്ഷനിൽ, ഏതു വശത്തു നിന്ന് വരുന്ന ഡ്രൈവർക്കായിരിക്കും റൈറ്റ് ഓഫ് വേ ?

A) വലത് വശത്തുള്ള
B) ഇടത് വശത്തുള്ള
C) മുന്നിൽ നിന്ന് വരുന്ന
D) ആർക്കും മുൻഗണന ഇല്ല

61. തികച്ചും ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ ഒരു വാഹനം തുരങ്കത്തിൽ നിർത്തിയിടേണ്ടി വന്നാൽ പ്രതിഫലിക്കുന്ന മുന്നറിയിപ്പ് ത്രികോണം (Reflective warning triangle) വാഹനത്തിന്റെ മുന്നിലും പിന്നിലും _________ മീറ്റർ അകലത്തിൽ വെക്കേണ്ടതാണ്.

A) 15
B) 20
C) 35
D) 50

62. ഒരു ജംഗ്ഷനിൽ നിന്ന് മുന്നിലേക്കും പിന്നിലേക്കും ഒരു വാഹനം പാർക്ക് ചെയ്യാൻ പാടില്ലാത്ത ദൂരം.

A) 25 മീറ്റർ
B) 50 മീറ്റർ
C) 100 മീറ്റർ
D) 150 മീറ്റർ

63. അടിയന്തിര വാഹനങ്ങളുടെ മുൻഗണന താഴെപ്പറയുന്നവയിൽ ഏതു പ്രകാരമാണ് ?

A) ആമ്പുലൻസ്, ഫയർ സർവ്വീസ് വാഹനം, പോലീസ് സർവ്വീസ് വാഹനം
B) ഫയർ സർവ്വീസ് വാഹനം, പോലീസ് സർവ്വീസ് വാഹനം, ആമ്പുലൻസ്
C) ഫയർ സർവ്വീസ് വാഹനം, ആമ്പുലൻസ്, പോലീസ് സർവ്വീസ് വാഹനം
D) ആമ്പുലൻസ്, പോലീസ് സർവ്വീസ് വാഹനം, ഫയർ സർവ്വീസ് വാഹനം

64. കെട്ടിവലിക്കുമ്പോൾ വാഹനങ്ങളുടെ പരമാവധി വേഗപരിധി മണിക്കൂറിൽ _________ ൽ കൂടാൻ പാടില്ല.

A) 15 കി. മീ.
B) 25 കി. മീ.
C) 35 കി. മീ.
D) 50 കി. മീ.

65. കേരളത്തിലെ നാലുവരിപ്പാതയിൽ മോട്ടോർ കാറിന് അനുവദിക്കപ്പെട്ട പരമാവധി വേഗത മണിക്കൂറിൽ _________ കിലോമീറ്റർ ആണ്.

A) 60
B) 70
C) 80
D) 90

66. ഒരു പബ്ലിക് സർവീസ് വാഹനത്തിൽ കൊണ്ടുപോകാവുന്ന പരമാവധി സ്ഫോടക വസ്തുക്കളുടെ അളവ്.

A) 1 ലിറ്റർ
B) 3 ലിറ്റർ
C) 5 ലിറ്റർ
D) കൊണ്ടു പോകാൻ പാടില്ല

67. ഫോഗ് ലാമ്പ് _________ ന്റെ കൂടെ മാത്രമേ ഉപയോഗിക്കാവൂ.

A) ഡിപ്പ്ഡ് ഹെഡ് ലൈറ്റ്
B) ഹൈ ബീം
C) എക്സ്ട്രാ ലൈറ്റ്
D) സ്പോട്ട് ലൈറ്റ്

68. താഴെ കാണുന്ന ചിഹ്നം എന്തിനെ സൂചിപ്പിക്കുന്നു ?



A) നോ പാർക്കിംഗ്
B) നോ സ്റ്റോപ്പിങ്
C) നിയന്ത്രണ മേഖല കഴിഞ്ഞു
D) നിയന്ത്രണങ്ങൾ തുടങ്ങുന്നു

69. ബി. എസ്. ഫോർ മാനദണ്ഡത്തിലുള്ള എഞ്ചിൻ ഘടിപ്പിച്ച വാഹനത്തിന്റെ പുക പരിശോധന സർട്ടിഫിക്കറ്റിന്റെ കാലാവധി.

A) 2 വർഷം
B) 1 വർഷം
C) 6 മാസം
D) 3 മാസം

70. വാടകക്കോ പ്രതിഫലത്തിനോ വേണ്ടി എത്ര യാത്രക്കാരെ വരെ ചരക്കു വാഹനങ്ങളിൽ കയറ്റാം ?

A) ആരേയും കയറ്റാൻ പാടില്ല
B) R.C. ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന അത്രയും ആളുകളെ
C) 2 പേരെ
D) 3 പേരെ

71. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസിന്റെ കാലാവധി.

A) 1 വർഷം
B) 2 വർഷം
C) 3 വർഷം
D) 5 വർഷം

72. രാത്രി കാലങ്ങളിൽ താഴെ പറയുന്നവയിൽ ഹൈ ബീം ഉപയോഗിക്കൽ നിരോധിച്ചിരിക്കുന്ന സന്ദർഭം.

A) മുന്നിൽ വരുന്ന വാഹനം സമീപിക്കുമ്പോൾ
B) മറ്റൊരു വാഹനത്തിന്റെ പിറകിൽ പോകുമ്പോൾ
C) പ്രകാശമുള്ള റോഡിൽ പോകുമ്പോൾ
D) മുകളിൽ പറഞ്ഞ എല്ലാ സന്ദർഭങ്ങളിലും

73. വാഹന ഗതാഗതത്തെ നിയന്ത്രിക്കുന്നതിന് വേണ്ടി ഒരു ജംഗ്ഷനിൽ അടയാളപ്പെടുത്തിയിരിക്കുന്നതോ അല്ലെങ്കിൽ നിർമ്മിച്ചിരിക്കുന്നതോ ആയ ഒരു സംവിധാനത്തെ ________ എന്ന് പറയുന്നു.

A) റൗണ്ട് എബൗട്ട്
B) ട്രാഫിക് ഐലൻഡ്
C) റോഡ് മാർക്കിങ്
D) ഹസാർഡ് മാർക്കിങ്

74. താഴെ കാണുന്ന ചിഹ്നം എന്തിനെ സൂചിപ്പിക്കുന്നു ?



A) ഫസ്റ്റ് എയ്ഡ് പോസ്റ്റ്
B) ആശുപത്രി
C) ക്രോസ്സ് റോഡ്
D) ജംഗ്ഷൻ

75. വാഹനം ഇടത്തോട്ടു തിരിയുന്നതിനു വേണ്ടി കൈ കൊണ്ട് എങ്ങനെയാണ് സിഗ്നൽ കൊടുക്കേണ്ടത് ?

A) വലതു കൈ പുറത്തേക്കു നീട്ടുക
B) ഇടതു കൈ പുറത്തേക്കു നീട്ടുക
C) വലുതു കൈ നീട്ടി ആന്റി ക്ലോക്ക് വൈസ് ദിശയിൽ കറക്കുക
D) വലതു കൈ നീട്ടി ക്ലോക്ക് വൈസ് ദിശയിൽ കറക്കുക

76. ലൈറ്റ് മോട്ടോർ വാഹനം എന്നാൽ

A) ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് 3000 KG യിൽ കവിയാത്തത്
B) ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് 5000 KG യിൽ കവിയാത്തത്
C) ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് 7500 KG യിൽ കവിയാത്തത്
D) ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് 10000 KG യിൽ കവിയാത്തത്

77. ഇവയിൽ ഏതു ഫോം-ൽ ആണ് ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കുന്നത് ?

A) ഫോം 1
B) ഫോം 2
C) ഫോം 3
D) ഫോം 4

78. ഒരു ലൈറ്റ് മോട്ടോർ വാഹനം ചുരുങ്ങിയത് ഇത്ര കാലയളവ് ഓടിച്ച പരിചയം ഉണ്ടെങ്കിലേ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ലേണേഴ്സ് ലൈസൻസ് അനുവദിക്കുകയുള്ളൂ. ചുരുങ്ങിയ കാലയളവ് എത്ര ?

A) മൂന്നു മാസം
B) ആറു മാസം
C) ഒരു വർഷം
D) മൂന്നു വർഷം

79. ട്രാൻസ്പോർട്ട് വാഹനത്തിന്റെ ലൈസൻസ് ലഭിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം.

A) 18 വയസ്സ്
B) 20 വയസ്സ്
C) 22 വയസ്സ്
D) 24 വയസ്സ്

SEAL

80. ചരക്ക് വാഹനങ്ങളുടെ മുന്നിൽ ഘടിപ്പിച്ച ടോപ്പ് ലൈറ്റുകളുടെ നിറം _______ ആകുന്നു.

A) വെള്ള B) മഞ്ഞ C) പച്ച D) ചുവപ്പ്

81. ബ്രീത്ത് അനലൈസർ മുഖേനയുള്ള പരിശോധനയിൽ രക്തത്തിൽ _______ ൽ കൂടുതൽ ആൽക്കഹോൾ ഉണ്ടെന്ന് കണ്ടെത്തിയാൽ വാഹനത്തിന്റെ ഡ്രൈവർ മദ്യപിച്ചിട്ടുണ്ടെന്ന് അനുമാനിക്കപ്പെടുന്നു.

A) 30 mg/100ml.
B) 28 mg/100ml.
C) 25 mg/100ml.
D) 20 mg/100ml.

82. ഡ്രൈവിംഗ് ലൈസൻസ് കാലാവധി തീരുന്നതിന്റെ എത്ര നാൾ വരെ മുൻപ് പുതുക്കാം ?

A) കാലാവധി തീരുന്നതിനു മുൻപ് പുതുക്കാൻ സാധിക്കില്ല
B) ഒരു മാസം
C) അഞ്ചു വർഷം
D) ഒരു വർഷം

83. _______ ആണ് പൊലൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ് നൽകുന്ന ഫോം.

A) ഫോം 40 B) ഫോം 51 C) ഫോം 59 D) ഫോം 59-A

84. ട്രാഫിക് (TRAFFIC) എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നത്.

A) എല്ലാ തരത്തിലുമുള്ള വാഹനങ്ങളും
B) കാൽ നടക്കാർ
C) ഒറ്റക്കോ കൂട്ടം കൂടിയോ നടക്കുന്ന മൃഗങ്ങൾ
D) മുകളിൽ പറഞ്ഞവ എല്ലാം ചേർന്നത്

85. ഭാരത് സ്റ്റേജ് -VI മാനദണ്ഡങ്ങൾ അനുസരിച്ച് നിർമ്മിക്കുന്ന വാഹനങ്ങൾക്ക് പുക മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റിന്റെ കാലാവധി _______ ആകുന്നു.

A) ആറു മാസം
B) ഒരു വർഷം
C) പതിനെട്ടു മാസം
D) രണ്ടു വർഷം

86. ഫ്ലഡ് ഗേജ് ഒരു _______ അടയാളമാണ്.

A) വിവര ദായക ചിഹ്നം
B) നിർബന്ധിത ചിഹ്നം
C) മുന്നറിയിപ്പ് അടയാളം
D) നദിയിലെ ചിഹ്നം

87. താഴെ കാണുന്ന ചിഹ്നം എന്തിനെ സൂചിപ്പിക്കുന്നു ?




A) നീള പരിധി B) വീതി പരിധി C) ഭാര പരിധി D) ഉയര പരിധി

88. ഒരു ജംക്ഷനിലേക്കു പ്രവേശിക്കുവാൻ തുടങ്ങുന്ന ഡ്രൈവറായ നിങ്ങൾക്ക് അഭിമുഖമായി "GIVE WAY" എന്ന് എഴുതിയ സൈൻ ബോർഡ് കാണുന്നു. ഇത് എന്ത് നിർദേശമാണ് നിങ്ങൾക്ക് നൽകുന്നത് ?

A) കാൽ നടക്കാർ വഴിമാറിപ്പോകണം

B) മറ്റു വാഹനങ്ങൾക്ക് ഞാൻ വഴി മാറിക്കൊടുക്കണം

C) മറ്റു വാഹനങ്ങൾ എനിക്ക് വഴി നല്കണം

D) ജംക്ഷനിലേക്കു പ്രവേശിക്കുന്ന നിങ്ങൾക്കാണ് മുൻഗണന

89. കേരളത്തിൽ സ്കൂൾ പരിസരത്തു മോട്ടോർ വാഹനങ്ങളുടെ വേഗത മണിക്കൂറിൽ ________ കിലോമീറ്റർ ആയി നിജപ്പെടുത്തിയിരിക്കുന്നു.

A) 30 കിലോമീറ്റർ
B) 40 കിലോമീറ്റർ
C) 50 കിലോമീറ്റർ
D) 60 കിലോമീറ്റർ

90. പതിനഞ്ചു വർഷം കഴിഞ്ഞ സ്വകാര്യ മോട്ടോർ കാറുകളുടെ അടുത്ത അഞ്ചു വർഷത്തേക്കുള്ള ഗ്രീൻ ടാക്സ് എത്രയാണ് ?

A) 400 രൂപ
B) 500 രൂപ
C) 600 രൂപ
D) 700 രൂപ

91. വാഹനങ്ങൾക്ക് സുഗമമായി കടന്നുപോകുന്നതിനാവശ്യമായ വീതി ഇല്ലാത്ത കുത്തനെയുള്ള റോഡുകളിലും മലപ്രദേശത്തുള്ള റോഡുകളിലും ഏതു വാഹനത്തിനു മുൻഗണന നൽകണം ?

A) ഇറക്കം ഇറങ്ങി വരുന്ന വാഹനത്തിന്

B) കയറ്റം കയറി വരുന്ന വാഹനത്തിന്

C) ചെറിയ വാഹനത്തിന്

D) വലിയ വാഹനത്തിന്

92. ഒരു ത്രികോണത്തിനുള്ളിലുള്ള കോഷനറി സൈനിൽ ഒരു റെയിൽവേ എഞ്ചിന്റെ ചിത്രം കാണുന്നുവെങ്കിൽ നിങ്ങൾ മനസ്സിലാക്കേണ്ടത്

A) കാവൽക്കാരനില്ലാത്ത റെയിൽവേ ലെവെൽക്രോസ്സ് മുന്നിലുണ്ട്

B) കാവൽക്കാരനുള്ള റെയിൽവേ ലെവെൽക്രോസ്സ് മുന്നിലുണ്ട്

C) റെയിൽവേ സ്റ്റേഷൻ അടുത്തുണ്ട്

D) റെയിൽവേ എഞ്ചിന്റെ റിപ്പയർ യാർഡ് അടുത്തുണ്ട്

93. വാഹനത്തിന്റെ പിൻഭാഗത്തുപയോഗിക്കുന്ന റിഫ്ലെക്റ്റിങ് ടേപ്പിന്റെ നിറം.

A) വെള്ള
B) മഞ്ഞ
C) ചുവപ്പ്
D) ആംബർ കളർ

94. തന്റെ വാഹനം അപകടത്തിൽപ്പെട്ടു ഒരാൾക്കു പരിക്ക് പറ്റിയാൽ ഡ്രൈവർ എത്രയും വേഗം ________ സമയത്തിനുള്ളിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണം.

A) മൂന്നു മണിക്കൂർ
B) ആറു മണിക്കൂർ
C) പന്ത്രണ്ടു മണിക്കൂർ
D) ഇരുപത്തിനാലു മണിക്കൂർ



SEAL

95. മദ്യപിച്ചു വാഹനമോടിക്കുന്നത്
   A) ഫൈൻ മാത്രം കിട്ടാവുന്ന കുറ്റമാണ്
   B) തടവ് ശിക്ഷ മാത്രം കിട്ടാവുന്ന കുറ്റമാണ്
   C) ഫൈനും തടവുശിക്ഷയും കിട്ടാവുന്ന കുറ്റമാണ്
   D) ഫൈനും തടവുശിക്ഷയും ലൈസൻസ് അയോഗ്യതയും കിട്ടാവുന്ന കുറ്റമാണ്

96. ഒരു മോട്ടോർ വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് ഉപയോഗിക്കേണ്ട ഫോമുകൾ
   A) ഫോം 25, ഫോം 26
   B) ഫോം 27, ഫോം 28
   C) ഫോം 29, ഫോം 30
   D) ഫോം 35, ഫോം 36

97. നിങ്ങൾ വാഹനമോടിച്ചു മറ്റൊരു വാഹനത്തെ പിന്തുടരുമ്പോൾ എത്ര അകലം പാലിക്കണം ?
   A) ഒരു കാറിന്റെ നീളത്തിനു തുല്യമായ അകലം
   B) രണ്ടു കാറുകളുടെ നീളത്തിനു തുല്യമായ അകലം
   C) മുന്നിലെ വാഹനം സഡൻബ്രേക്ക് ചെയ്തു നിർത്തിയാലും നിങ്ങൾക്ക് സുരക്ഷിതമായി നിർത്താനാകുന്ന അകലം
   D) മുന്നിലെ വാഹനത്തിന്റെ പിന്നിലെ ടയറുകൾ കാണാവുന്നത്ര അകലം

98. നീലനിറത്തിലുള്ള വൃത്താകൃതിയിലുള്ള പ്രതലത്തിൽ വെള്ള നിറത്തിൽ ഹോണിന്റെ ചിത്രം വരച്ചിട്ടുള്ള റോഡ് സൈൻ ബോർഡ് കണ്ടാൽ അർത്ഥമാക്കുന്നത്
   A) ഹോൺ മുഴക്കരുത്
   B) നിർബന്ധമായും ഹോൺ മുഴക്കണം
   C) എയർ ഹോൺ ഉപയോഗം നിരോധിച്ച സ്ഥലം
   D) സൈലൻഡ് സോൺ

99. ഒരു വാഹനത്തിൽ ലഭ്യമായിട്ടുള്ള റിഫ്ലക്റ്റീവ് വാണിംഗ് ട്രയാങ്കിൾ ഉപയോഗിക്കേണ്ടത്
   A) വാഹനം പാർക്ക് ചെയ്തിരിക്കുമ്പോൾ
   B) വാഹനം ബ്രേക്ക് ഡൗൺ ആയി റോഡിൽ കിടക്കുമ്പോൾ
   C) മഴ സമയത്തു വാഹനം പാർക്ക് ചെയ്യുമ്പോൾ
   D) രാത്രിയിൽ വാഹനം പാർക്ക് ചെയ്യുമ്പോൾ

100. വാഹനത്തിന്റെ ഹസാർഡ് വാണിംഗ് ലൈറ്റ് എപ്പോഴാണ് പ്രകാശിപ്പിക്കേണ്ടത് ?
   A) ഒരു ജംഗ്ഷനിൽ നേരെ പോകുന്നതിന്
   B) വാഹനം കെട്ടി വലിച്ചു കൊണ്ട് പോകുമ്പോൾ
   C) വാഹനം ബ്രേക്ക് ഡൗണായി റോഡിൽ കിടക്കുമ്പോൾ
   D) മഴയത്തു വാഹനം ഓടിക്കുമ്പോൾ

FINAL ANSWER KEY

Question Paper Code: 087/2022

DRIVER CUM OFFICE ATTENDANT/CHAUFFEUR GR.II/DRIVER etc..

Medium of Question: MALAYALAM / TAMIL / KANNADA

Date of Test: 05.09.2022

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | D | C | C |
| 2 | B | D | B | B |
| 3 | C | D | C | A |
| 4 | B | B | D | D |
| 5 | B | B | B | C |
| 6 | D | C | C | C |
| 7 | D | B | C | B |
| 8 | D | A | D | C |
| 9 | B | D | C | D |
| 10 | B | C | C | B |
| 11 | C | A | C | A |
| 12 | B | X | B | D |
| 13 | C | C | C | B |
| 14 | D | D | B | C |
| 15 | B | A | B | B |
| 16 | C | C | A | D |
| 17 | B | B | D | D |
| 18 | A | C | B | D |
| 19 | D | D | C | B |
| 20 | C | B | B | B |
| 21 | C | A | D | C |
| 22 | C | D | D | B |
| 23 | D | B | D | C |
| 24 | C | C | B | B |
| 25 | C | B | B | B |
| 26 | A | A | A | C |
| 27 | D | B | X | C |
| 28 | B | A | C | D |
| 29 | C | D | D | C |
| 30 | B | C | A | C |
| 31 | B | B | A | A |
| 32 | A | X | B | X |
| 33 | C | C | A | C |
| 34 | C | B | D | D |
| 35 | D | D | C | A |
| 36 | A | C | B | B |
| 37 | B | B | X | A |
| 38 | A | C | C | C |
| 39 | D | B | B | C |
| 40 | C | B | D | D |
| 41 | A | B | C | B |
| 42 | X | A | B | X |
| 43 | C | C | A | C |
| 44 | D | C | D | B |
| 45 | A | D | C | D |
| 46 | B | C | B | A |
| 47 | X | C | A | B |
| 48 | C | D | C | A |
| 49 | B | C | C | D |
| 50 | D | C | D | C |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | B | B | B | D |
| 52 | A | A | B | A |
| 53 | D | D | C | C |
| 54 | D | C | B | B |
| 55 | C | A | D | A |
| 56 | B | D | D | B |
| 57 | A | A | D | B |
| 58 | D | C | B | C |
| 59 | C | B | A | B |
| 60 | A | A | C | D |
| 61 | B | B | B | C |
| 62 | B | A | A | B |
| 63 | C | C | D | C |
| 64 | B | D | D | B |
| 65 | D | D | C | A |
| 66 | D | B | C | B |
| 67 | A | B | B | A |
| 68 | C | C | C | D |
| 69 | B | B | B | C |
| 70 | A | D | A | A |
| 71 | D | C | B | B |
| 72 | D | B | A | A |
| 73 | B | C | D | D |
| 74 | A | B | C | D |
| 75 | C | A | A | C |
| 76 | C | A | B | D |
| 77 | B | D | A | D |
| 78 | C | B | C | B |
| 79 | B | A | D | A |
| 80 | A | C | D | C |
| 81 | A | C | A | B |
| 82 | D | C | D | A |
| 83 | C | B | B | C |
| 84 | D | B | A | D |
| 85 | B | X | C | D |
| 86 | A | B | C | A |
| 87 | D | A | C | D |
| 88 | B | D | B | C |
| 89 | A | D | B | D |
| 90 | C | C | X | B |
| 91 | B | A | D | C |
| 92 | A | D | A | C |
| 93 | C | C | C | B |
| 94 | D | D | B | B |
| 95 | D | B | A | X |
| 96 | C | D | A | A |
| 97 | C | D | D | D |
| 98 | B | B | C | B |
| 99 | B | A | D | A |
| 100 | X | C | B | C |

'X' DENOTES DELETION